# റിപ്പബ്ലിക് ഓഫ് കൊറിയൻ പ്രസിഡന്റുമായി പ്രധാനമന്ത്രിയുടെ കൂടിക്കാഴ്ച

സെപ്റ്റംബർ 10, 2023

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി 2023 സെപ്തംബർ 10 ന് ന്യൂഡൽഹിയിൽ നടന്ന ജി 20 ഉച്ചകോടിയുടെ ഭാഗമായി റിപ്പബ്ലിക് ഓഫ് കൊറിയൻ പ്രസിഡന്റ് ഹിസ് എക്സലൻസി ശ്രീ യൂൻ സുക് യോളുമായി കൂടിക്കാഴ്ച നടത്തി.

ഇന്ത്യയുടെ ജി20 പ്രസിഡൻസിയിൽ പ്രസിഡന്റ് യൂൻ സുക് യോൾ പ്രധാനമന്ത്രിയെ അഭിനന്ദിച്ചു. ചന്ദ്രയാൻ ദൗത്യത്തിന്റെ വിജയത്തിൽ പ്രധാനമന്ത്രിയെ അദ്ദേഹം അഭിനന്ദിക്കുകയും ചെയ്തു.

നയതന്ത്ര ബന്ധം സ്ഥാപിച്ചതിന്റെ 50-ാം വാർഷികമാണ് ഈ വർഷം ആഘോഷിക്കുന്നതെന്ന് നേതാക്കൾ ചൂണ്ടിക്കാട്ടി. വ്യാപാരം, നിക്ഷേപം, പ്രതിരോധ ഉൽപ്പാദനം, അർദ്ധചാലകങ്ങൾ, ഇവി ബാറ്ററി സാങ്കേതികവിദ്യ എന്നിവ ഉൾപ്പെടെ ഉഭയകക്ഷി പ്രത്യേക തന്ത്രപരമായ പങ്കാളിത്തത്തിന്റെ വിവിധ മേഖലകളിലെ പുരോഗതി അവർ അവലോകനം ചെയ്തു.

പ്രാദേശികവും ആഗോളവുമായ വിഷയങ്ങളെക്കുറിച്ചും അവർ കാഴ്ചപ്പാടുകൾ കൈമാറി.

**ന്യൂഡൽഹി**
**സെപ്റ്റംബർ 10, 2023**